സൗരോർജ്ജ നയത്തിൽ 2017-ഓടെ 500 മെഗാവാട്ടും 2030-ഓടെ 2500 മെഗാവാട്ടും സൗരോർജ്ജ വൈദ്യുതി ഉത്പാദനശേഷിയാണ് ലക്ഷ്യമിട്ടിട്ടുള്ളത്. വൈദ്യുത ശൃംഖലയുമായി ബന്ധിപ്പിക്കാത്ത 7 മെഗാവാട്ടിലധികം ആകെ ശേഷിവരുന്ന 7000-ത്തിലധികം സൗരോർജ്ജ പ്ലാന്റുകൾ കഴിഞ്ഞ 2 വർഷത്തിനുള്ളിൽ സ്ഥാപിച്ചിട്ടുണ്ട്. സൗരോർജ്ജ പ്ലാന്റുകൾ വൈദ്യുതി ശൃംഖലയുമായി ബന്ധിപ്പിക്കുന്നതിനുള്ള സാങ്കേതിക മാനദണ്ഡങ്ങൾക്ക് അനുസൃതമായി ഗ്രിഡുമായി ബന്ധിപ്പിക്കുന്ന 12 മെഗാവാട്ട് ആകെ ശേഷിവരുന്ന ചെറുകിട സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള പരിപാടി അനെർട്ട് ഈ വർഷം ആരംഭിച്ചിട്ടുണ്ട്.

ഈ രംഗത്ത് ഗവേഷണ വികസന പ്രവർത്തനങ്ങൾക്ക് മുൻതൂക്കം നൽകുവാനും സൗരോർജ്ജ നയം ലക്ഷ്യമിട്ടിട്ടുണ്ട്. 2000 സ്ക്വയർ ഫീറ്റിലധികം തറ വിസ്തീർണ്ണമുള്ള ഗാർഹിക കെട്ടിടങ്ങളിൽ സൗരോർജ്ജ ഉപയോഗം നിർബന്ധമാക്കാനാണ് ഉദ്ദേശിക്കുന്നത്. 2000 മുതൽ 3000 സ്ക്വയർ ഫീറ്റ് വരെ തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളിൽ കുറഞ്ഞത് 100 ലിറ്റർ സൗരോർജ്ജ വാട്ടർ ഹീറ്ററും, 500 വാട്ട് സൗരോർജ്ജ വൈദ്യുതി സംവിധാനവും 3000 സ്ക്വയർ ഫീറ്റിലധികം തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളിൽ 100 ലിറ്റർ വാട്ടർ ഹീറ്ററും 1000 വാട്ട് സൗരോർജ്ജ വൈദ്യുത സംവിധാനവും സ്ഥാപിക്കേണ്ടതാണ്.

സൗരോർജ്ജ നയത്തിന്റെ നടത്തിപ്പിനായി ഒരു സംസ്ഥാനതല എംപവേഡ് കമ്മിറ്റി രൂപീകരിക്കുകയും നിയമനിർമ്മാണ നടപടികൾക്ക് തുടക്കം കുറിക്കുകയും ചെയ്തിട്ടുണ്ട്.

(സി) സൗരോർജ്ജ വൈദ്യുതിയാക്കി പരിവർത്തനം നടത്തി ഉപയോഗിക്കുന്ന സോളാർ ഫോട്ടോ വോൾട്ടായിക് പദ്ധതികൾ, സൗരോർജ്ജം ഉപയോഗിച്ച് ചൂടുവെള്ളം ഉണ്ടാക്കുന്ന സോളാർ തെർമൽ പദ്ധതികൾ എന്നീ മേഖലകളിൽ അനെർട്ട് വിവിധ പ്രവർത്തനങ്ങൾ നടത്തിവരുന്നു. സൗരോർജ്ജം ഉപയോഗിച്ച് കമ്മ്യൂണിറ്റി കുക്കിംഗ് നടത്താനുള്ള ഒരു പൈലറ്റ് പദ്ധതി പരിഗണനയിലാണ്.

(ഡി) ഇല്ല.

സൗരോർജ്ജ പദ്ധതികൾ

41(2029) <u>ശ്രീ. ഇ. പി. ജയരാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-15-ലെ ബഡ്ജറ്റിൽ സൗരോർജ്ജ പദ്ധതികൾ വികസിപ്പിക്കുന്നതിനായി എത്ര തുക നീക്കിവയ്ക്കുകയുണ്ടായി ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) 2014-15-ൽ വിവിധ സൗരോർജ്ജ പദ്ധതികൾക്കായി എത്ര തുക ചെലവഴിച്ചു ;

(സി) ഏതെല്ലാം സൗരോർജ്ജ പദ്ധതികൾക്കാണ് തുക ചെലവഴിച്ചതെന്നും ഓരോ പദ്ധതിക്കും എത്ര തുക വീതം ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) സൗരോർജ്ജ പദ്ധതികൾക്കായി 32.32 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(ബി) സൗരോർജ്ജ പദ്ധതികൾക്കായി ലഭ്യമായ 3004 ലക്ഷം രൂപ (അനെർട്ടിന്റെ മുൻവർഷങ്ങളിലെ പദ്ധതി വിഹിതത്തിൽ ബാക്കിയുണ്ടായിരുന്ന തുക) യിൽനിന്നും 236.39 ലക്ഷം രൂപ ഇതിനകം ചെലവഴിച്ച് കഴിഞ്ഞു.

(സി) 1 കിലോവാട്ട് ശേഷിയുള്ള ഓഫ് ഗ്രിഡ് റൂഫ് ടോപ്പ് സോളാർ പവർ പ്ലാന്റുകൾ (3600 എണ്ണം) സ്ഥാപിക്കുന്നതിനായി ഇതിനകം 235.95 ലക്ഷം രൂപ ചെലവഴിച്ചു. 2 മെഗാവാട്ട് ശൃംഖലാബന്ധിത പവർ പ്ലാന്റിന്റെ പ്രാരംഭ ചെലവിനായി 0.44 ലക്ഷം രൂപയും ചെലവായി.

അനെർട്ട് ഏറ്റെടുത്ത് നടപ്പാക്കിയ പദ്ധതികൾ

42(2030) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ :
ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. പി. ഉബൈദുള്ള :
ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അനെർട്ട് ഏറ്റെടുത്ത് നടപ്പാക്കിയ പദ്ധതികളുടെ വിശദവിവരം നല്കുമോ ;

(ബി) മാലിന്യ നിർമ്മാർജ്ജനത്തിന് സബ്സിഡി നിരക്കിൽ നല്കിയ ബയോഗ്യാസ് പ്ലാന്റുകളുടെ പ്രവർത്തനക്ഷമത പരിശോധിക്കാറുണ്ടോ ;

(സി) അവയുടെ സർവ്വീസിംഗിനായി ഏർപ്പെടുത്തിയിട്ടുള്ള സംവിധാനമെന്താണെന്നും അതിനുള്ള ഏജൻസികളെ നിശ്ചയിച്ചിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly